**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 935** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ ഏർപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം ഉണ്ടായത് എപ്പോഴാണെന്ന് വെളിപ്പെടുത്താമോ; | (എ) | സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ (ഇക്കോ സെൻസിറ്റീവ് സോൺ) രൂപീകരിക്കുന്നതിനുള്ള നടപടികൾ 2002 മുതലാണ് കേന്ദ്ര സർക്കാർ ആരംഭിച്ചത്. ഇന്ത്യൻ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ 2002 ജനുവരി 21-ന് ചേർന്ന 21-മത് യോഗത്തിലാണ് വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും പുറത്തായി 10 കി.മീറ്റർ ചുറ്റളവ് വരെയുള്ള പ്രദേശത്തെ പാരിസ്ഥിതിക സംവേദക മേഖലയായി പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചത്. WP(C) No. 460/2004, ഗോവ ഫൗണ്ടേഷൻസ് യൂണിയൻ ഓഫ് ഇന്ത്യ കേസ്സിലെ ബഹു. സുപ്രീം കോടതിയുടെ 04-12-2006-ലെ ഉത്തരവ് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| (ബി) | 2011-ൽ ബഫർ സോണിനെക്കുറിച്ച് പരിശോധിക്കുന്നതിന് സംസ്ഥാന വന്യജീവി ബോർഡിന്റെ ഉപസമിതികൾ രൂപീകരിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഉപസമിതി അദ്ധ്യക്ഷൻമാർ ആരൊക്കെ ആയിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാന വന്യജീവി ബോർഡിന്റെ 03-01-2013-ലെ യോഗത്തിലെ തീരുമാനത്തെത്തുടർന്ന് ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരണം സംബന്ധിച്ച് മേഖലാടിസ്ഥാനത്തിൽ മൂന്ന് ഉപസമിതികൾ രൂപീകരിച്ചിരുന്നു. ടി ഉപസമിതിയുടെ അദ്ധ്യക്ഷന്മാരുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് - ശ്രീ.ടി.എൻ.പ്രതാപൻ എം.എൽ.എ<br>2. വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം- ശ്രീ.വി.ഡി. സതീശൻ എം.എൽ.എ<br>3.വൈൽഡ് ലൈഫ് സർക്കിൾ, തിരുവനന്തപുരം- ശ്രീ.എൻ. ഷംസുദ്ദീൻ<br>എം.എൽ.എ |
| (സി) | ദേശീയ ഉദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും | (സി) | സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും |

| | | | |
|---|---|---|---|
| | ചുറ്റും പന്ത്രണ്ട് കിലോമീറ്റർ വരെ ബഫർ സോണായി പ്രഖ്യാപിക്കണമെന്ന് 2013-ൽ സർക്കാർ തീരുമാനമെടുത്തിരുന്നോ; | | ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുമ്പോൾ വനപ്രദേശത്തിന് പുറത്തുള്ള ജനവാസകേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കി സംരക്ഷിത മേഖലകൾക്ക് ചുറ്റും 0-12 കി.മീ. പാരിസ്ഥിതിക സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) വിജ്ഞാപനം ചെയ്യാൻ സർക്കാർ തീരുമാനിച്ചിരുന്നു. ആയത് പ്രകാരമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി 13-05-2013-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസലുകളിൽ 11 എണ്ണത്തിൽ കൃത്യമായ കളർ കോഡിലുള്ള ഭൂപടങ്ങൾ ഉൾപ്പെടുത്തി വീണ്ടും സമർപ്പിക്കുന്നതിന് 12.07.2017-ലെ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിക്കുകയും അപ്രകാരം പ്രൊപ്പോസലുകളിൽ ഭേദഗതി വരുത്തി തയ്യാറാക്കി വരവെ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള അന്നു നിലവിലുണ്ടായിരുന്ന നിശ്ചിത സമയപരിധിയായ 545 ദിവസങ്ങൾ കഴിഞ്ഞതിനാൽ ടി പ്രൊപ്പോസലുകൾ റദ്ദാവുകയും ചെയ്തു.<br><br>ഈ കാര്യം പിന്നീട് സർക്കാർ പുനഃ പരിശോധിക്കുകയും സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 23/10/2019-ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം അനുമതി നൽകുകയും അപ്രകാരം 31.10.2019-ലെ സ.ഉ. (കൈ) 29/2019/വനം നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. |
| (ഡി) | ബഫർ സോൺ പന്ത്രണ്ട് കിലോമീറ്റർ എന്ന 2011-16 കാലത്തെ സർക്കാരിന്റെ തീരുമാനത്തിൽ നിന്നും പൂജ്യം മുതൽ ഒരു കിലോമീറ്റർ എന്ന് നിജപ്പെടുത്തി സംസ്ഥാന മന്ത്രിസഭ തീരുമാനമെടുത്തിരുന്നോ; | (ഡി) | സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുമ്പോൾ വനപ്രദേശത്തിന് പുറത്തുള്ള ജനവാസകേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കി സംരക്ഷിത മേഖലകൾക്ക് ചുറ്റും 0-12 കി.മീ. പാരിസ്ഥിതിക സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) വിജ്ഞാപനം ചെയ്യാൻ സർക്കാർ തീരുമാനിച്ചിരുന്നു. ആയത് പ്രകാരമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി 13-05-2013-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസലുകളിൽ 11 എണ്ണത്തിൽ കൃത്യമായ കളർ കോഡിലുള്ള ഭൂപടങ്ങൾ ഉൾപ്പെടുത്തി വീണ്ടും സമർപ്പിക്കുന്നതിന് 12.07.2017-ലെ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിക്കുകയും അപ്രകാരം പ്രൊപ്പോസലുകളിൽ ഭേദഗതി വരുത്തി തയ്യാറാക്കി വരവെ അന്തിമ |

| | | | |
|---|---|---|---|
| | | | വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള അന്നു നിലവിലുണ്ടായിരുന്ന നിശ്ചിത സമയപരിധിയായ 545 ദിവസങ്ങൾ കഴിഞ്ഞതിനാൽ ടി പ്രൊപ്പോസലുകൾ റദ്ദാവുകയും ചെയ്തു.<br><br>ഈ കാര്യം പിന്നീട് സർക്കാർ പുനഃ പരിശോധിക്കുകയും സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 23/10/2019-ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം അനുമതി നൽകുകയും അപ്രകാരം 31.10.2019-ലെ സ.ഉ. (കൈ) 29/2019/വനം നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. |
| (ഇ) | 2022 ജൂൺ 3-ലെ സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ ജനവാസ മേഖലകൾ ഒഴിവാക്കി ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (ഇ) | ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല നിർണ്ണയിക്കുന്നതിൽ ജനവാസമേഖലകൾ ഒഴിവാക്കി ലഭിക്കണമെന്ന സംസ്ഥാന സർക്കാർ നിലപാട് സംരക്ഷിച്ച് കിട്ടുന്നതിനായി ഭരണപരവും നിയമപരവുമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുകയാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേർന്ന് ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (സി)യിൽ നിർദ്ദേശിക്കുന്ന പ്രകാരം ഒരു കിലോ മീറ്റർ ESZ- ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണത്തിനായി കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻററിനെ (KSREC) ചുമതലപ്പെടുത്തി.<br>സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

ടി വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും ബഹു. സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹു. സുപ്രീം കോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ടി വിഷയത്തിൽ സംസ്ഥാന സർക്കാർ പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്ത് നിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റീസ് തോട്ടത്തിൽ ബി രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണ്. കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. തുടർന്ന് പൊതുജനാഭിപ്രായം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൻറെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ നമ്പർ ഉൾപ്പെടെ, പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച് പരാതികൾ / നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ചുള്ള പരാതികൾ നിർദ്ദിഷ്ട

| | | | |
|---|---|---|---|
| | | | പ്രൊഫോർമയിൽ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ചതിൽ 61567 പരാതികൾക്ക് 31.01.2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻ്ററിൻ്റെ(kSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്പ് ലോഡ് ചെയ്തിട്ടുമുണ്ട്.<br>ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ